**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **10-02-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ആശുപത്രികളിൽ മെഡിസെപ് പദ്ധതി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, കണ്ണാശുപത്രി (RIO) എന്നിവിടങ്ങളിലാണ് മെഡിസെപ് പദ്ധതി നിലവിലുള്ളത്. |
| (ബി) | ഈ ആശുപത്രികളിൽ ഓരോന്നിലും നാളിതുവരെ എത്ര ക്ലെയിമുകൾ രജിസ്റ്റർ ചെയ്തു; പ്രസ്തുത ക്ലെയിമുകളിൽ നിന്നും എത്ര രൂപ ആശുപത്രികൾക്ക് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 4636 ക്ലെയിമുകളും കണ്ണാശുപത്രിയിൽ നിന്നും 907 ക്ലെയിമുകളും രജിസ്റ്റർ ചെയ്ത വകയിൽ 16,44,01,803/-, 68,14,470.8/- രൂപയും യഥാക്രമം നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്.** |
| (സി) | ക്ലെയിം ഇനത്തിൽ ലഭ്യമായ തുകയിൽ നിന്ന് ഓരോ ആശുപത്രിയും വിനിയോഗിച്ച തുക എത്ര; ഈ തുക ഓരോ ആശുപത്രിയും എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മെഡിസെപ് പദ്ധതിയിൽ 1920 ചികിത്സാ പാക്കേജുകളും അവയുടെ പാക്കേജ് നിരക്കുകളും നിശ്ചയിച്ചിട്ടുണ്ട്. ഓരോ ചികിത്സയ്ക്കും ആശുപത്രി തെരഞ്ഞെടുക്കുന്ന പാക്കേജിന് അനുസൃതമായ തുകയാണ് ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി നൽകുന്നത്. ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ക്ലെയിം ഇനത്തിൽ ലഭ്യമാക്കുന്ന തുക ക്രയവിക്രയം നടത്തുന്നതിന് ആശുപത്രി സൂപ്രണ്ടിന്റെയും അതത് ഡി.ഡി.ഒ. മാരുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് 03/08/2022 -ലെ ജി.ഒ.(ആർ.റ്റി)നം.5529/2022/ധന പ്രകാരം ആരംഭിച്ചിട്ടുള്ളതും, ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭ്യമാക്കുന്ന തുക വിനിയോഗിക്കുന്നതിനായി ഒരു Standard Operating Procedure 20/08/2022 ലെ ജി.ഒ.(എം.എസ്.)നം.140/2022/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ലഭിക്കുന്ന തുകയിൽ 60% മരുന്നുകൾ, ഇംപ്ലാന്റ് ഉപകരണങ്ങൾ, മറ്റ് ആവശ്യോപകരണങ്ങൾ വാങ്ങുന്നതിനും ആശുപത്രിയുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിനും മെഡിസെപ് ഗുണഭോക്താക്കളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിനിയോഗിക്കുന്നതിനും, ബാക്കി വരുന്ന 40% |

| | | | |
|---|---|---|---|
| | | | സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, ഇ.സി.ജി. ടെക്നീഷ്യൻസ്, സ്റ്റാഫ് നഴ്സുമാർ, അനസ്തേഷ്യ ടെക്നീഷ്യൻസ്, പെർഫ്യൂഷനിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ക്ലീനിങ് സ്റ്റാഫ്, പി.ആർ.ഒ., ക്ലർക്കുമാർ എന്നിവരെ നിയമിക്കുന്നതിനായും വിനിയോഗിക്കാവുന്നതാണ്. |
| (ഡി) | ക്ലെയിം ഇനത്തിൽ ലഭ്യമായ തുകയിൽ ഓരോ ആശുപത്രിയിലും എത്ര രൂപ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | മെഡിസെപ് പദ്ധതിയിൽ 1920 ചികിത്സാ പാക്കേജുകളും അവയുടെ പാക്കേജ് നിരക്കുകളും നിശ്ചയിച്ചിട്ടുണ്ട്. ഓരോ ചികിത്സയ്ക്കും ആശുപത്രി തെരെഞ്ഞെടുക്കുന്ന പാക്കേജിന് അനുസൃതമായ തുകയാണ് ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി നൽകുന്നത്. ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ക്ലെയിം ഇനത്തിൽ ലഭ്യമാക്കുന്ന തുക ക്രയവിക്രയം നടത്തുന്നതിന് ആശുപത്രി സൂപ്രണ്ടിന്റെയും അതത് ഡി.ഡി.ഒ. മാരുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് 03/08/2022 -ലെ ജി.ഒ.(ആർ.റ്റി)നം.5529/2022/ധന പ്രകാരം ആരംഭിച്ചിട്ടുള്ളതും, ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭ്യമാക്കുന്ന തുക വിനിയോഗിക്കുന്നതിനായി ഒരു Standard Operating Procedure 20/08/2022 ലെ ജി.ഒ.(എം.എസ്.)നം.140/2022/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ലഭിക്കുന്ന തുകയിൽ 60% മരുന്നുകൾ, ഇംപ്ലാന്റ് ഉപകരണങ്ങൾ, മറ്റ് ആവശ്യോപകരണങ്ങൾ വാങ്ങുന്നതിനും ആശുപത്രിയുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിനും മെഡിസെപ് ഉണഭോക്താക്കളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിനിയോഗിക്കുന്നതിനും, ബാക്കി വരുന്ന 40% സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ, ഇ.സി.ജി. ടെക്നീഷ്യൻസ്, സ്റ്റാഫ് നഴ്സുമാർ, അനസ്തേഷ്യ ടെക്നീഷ്യൻസ്, പെർഫ്യൂഷനിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ക്ലീനിങ് സ്റ്റാഫ്, പി.ആർ.ഒ., ക്ലർക്കുമാർ എന്നിവരെ നിയമിക്കുന്നതിനായും വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ